പ്രസ്സ് റിലീസ്

# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

**www.rbi.org.in**
**email : helpdoc@rbi.org.in**

**വാർത്താവിനിമയ വിഭാഗം**
സെൻട്രൽ ഓഫീസ്, എസ്. ബി. എസ്. മാർഗ്, മുംബൈ - 400001
ഫോൺ : 91 22 2266 0502 ഫാക്സ് : 91 22 22660358

നവംബർ 13, 2016

## 'L' എന്ന ഇൻസെറ്റ് അക്ഷരമുള്ള മഹാത്മാഗാന്ധി (പുതിയ) സീരിസിലെ ₹500 ബാങ്ക് നോട്ടുകൾ പുറത്തിറക്കുന്നു.

മഹാത്മാഗാന്ധി (പുതിയ) സീരിസിൽ, രണ്ടു നമ്പർ പാനലുകളിലും 'L' എന്ന് ഇൻസെറ്റു അക്ഷരമുള്ളതും, റിസർവ് ബാങ്ക് ഗവർണർ ഡോ. ഉർജിത് പട്ടേലിന്റെ ഒപ്പുള്ളതും, അച്ചടിച്ചവർഷം '2016' -ം, സ്വച്ഛ്ഭാരത് ലോഗോയും പിൻവശത്ത് അച്ചടിച്ചതുമായ ₹500 വിഭാഗത്തിലുള്ള ബാങ്ക് നോട്ടുകൾ, റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ താമസിയാതെ പുറത്തിറക്കുന്നതാണ്.

ഈ പുതിയ ബാങ്ക് നോട്ടുകൾ, നേരത്തേയുള്ള സ്പെസിഫൈഡ് സീരിസ് ബാങ്ക് നോട്ടുക (SBN) ളിൽ നിന്നും, നിറം, വലുപ്പം, പ്രമേയം, സുരക്ഷാലക്ഷണങ്ങളുടെ സ്ഥാനം, രൂപമാതൃക സംബന്ധമായ അംശങ്ങൾ എന്നീ കാര്യങ്ങളിൽ വ്യത്യസ്തമാണ്. പ്രധാനപ്പെട്ട ലക്ഷണങ്ങൾ താഴെ കൊടുക്കുന്നു.

- വലുപ്പം 66mm x 150mm
- നിറം സ്റ്റോൺ ഗ്രേയാണ്
- ഭാരതീയ പൈതൃകമായ റെഡ് ഫോർട്ടിന്റെ പ്രതിരൂപം, ഇൻഡ്യൻ പതാകയോടൊപ്പം പിൻവശത്തുകാണാം.

കാഴ്ചബലഹീനതയുള്ളവർക്ക്, ഏതു വിഭാഗത്തിൽപെട്ട നോട്ടാണന്ന് തിരിച്ചറിയാൻ വേണ്ടി, ഈ ബാങ്ക് നോട്ടിൽ ചില ലക്ഷണങ്ങൾ (മഹാത്മാഗാന്ധിയുടെ പ്രതിഛായ, അശോകസ്തംഭ മുദ്ര, ബ്ലീഡ് ലൈനുകൾ, ₹500 രേഖപ്പെടുത്തിയ വൃത്തം, വലതുവശത്ത് ഒരു തിരിച്ചറിയൽ അടയാളവും ഇന്റാഗ്ലിയോ അച്ചടിയിൽ) ഉണ്ട്.

2016 നവംബർ 08 ലെ പ്രസ്സ് റിലീസ് നമ്പർ 2016-2017/1146 - ൽ വിവരിച്ചിരുന്ന, മുൻപ് പുറപ്പെടുവിച്ച ബാങ്ക് നോട്ടുകളും നിയമപരമായി വിനിമയക്ഷമമായി തുടരും.

**അല്പ്പന കില്ലാവാലാ**
പ്രിൻസിപ്പൽ അഡ്വൈസർ

**പ്രസ്സ് റിലീസ് 2016-2017/1196**